**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **6544**

**09.07.2014**- ലെ മറുപടിക്ക്

## സഹകരണ സംഘങ്ങൾക്ക് കെട്ടിടനിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ; | (എ) | സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ആശുപത്രി സഹകരണ സംഘങ്ങൾക്ക് കെട്ടിടം പണിക്കായി 10 ലക്ഷം രൂപാ വരെ സബ്സിഡിയിനത്തിൽ ധനസഹായം നൽകി വരുന്നു. ഇതിനുപുറമെ പ്രോജക്ടുകളുടെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിന് ആശുപത്രി, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ തുടങ്ങിയ വിവിധങ്ങളായ സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി മുഖേനയും ധനസഹായം നൽകി വരുന്നു. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിടം പുനരുദ്ധരിക്കുന്നതിന് പരമാവധി 5 ലക്ഷം രൂപ വരെ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിലുള്ള എത്ര സഹകരണ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന പദ്ധതി പ്രകാരം ഒരു ആശുപത്രി സംഘത്തിനും എൻ.സി.ഡി.സി പദ്ധതി പ്രകാരം 10 സംഘങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിട പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി 48 സംഘങ്ങൾക്കും 2013-2014 വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

4